കണ്ണൂർ:

1. തളിപ്പറമ്പ് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
2. കണ്ണാടിപ്പറമ്പ് SCB.
3. പെരളശ്ശേരി SCB.
4. കണ്ണൂർ കോ-ഓപ്പറേറ്റീവ് ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റി.

(സി) പരാതികളിൽ നടപടി സ്വീകരിച്ചുവരുന്നു. ഇളവുകൾ നൽകണമെന്ന ആവശ്യം നികുതി വകുപ്പ് പരിശോധിച്ചുവരുന്നു.

റിസ്ക് ഫണ്ട് ഇനത്തിൽ എഴുതിത്തള്ളുന്ന സഹകരണ വായ്പകൾ

88 (4670) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വിവിധ സഹകരണ ബാങ്ക് വായ്പകളിൽ റിസ്ക് ഫണ്ട് ഇനത്തിൽ എഴുതിതള്ളുന്നതിന് അർഹത നേടിയ കേസുകൾ എത്രയെന്ന വ്യക്തമാക്കാമോ :

(ബി) ഒരു വായ്പ റിസിക് ഫണ്ട് ഇനത്തിൽ എഴുതി തള്ളുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ ;

(സി) ഭർത്താവിന്റെ പേരിൽ എടുത്തിരുന്ന സഹകരണ വായ്പ അദ്ദേഹത്തിന്റെ മരണശേഷം റിസ്ക് ഫണ്ട് ഇനത്തിൽ എഴുതി തള്ളണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടും ഈ ആനുകൂല്യം ലഭ്യമാകാത്ത കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇത്തരം കേസുകളിൽ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റിസ്ക് ഫണ്ട് പദ്ധതി നിലവിൽ വന്ന 1-4-2008 മുതൽ നാളിതുവരെയായി (25-6-2015 വരെ) 18,728 അപേക്ഷകളിലായി 124,34,37,576-രൂപ (നൂറ്റി ഇരുപത്തിനാല് കോടി മുപ്പത്തിനാല് ലക്ഷത്തി മുപ്പത്തെഴായിരത്തി അഞ്ഞൂറ്റി എഴുപത്താറ് രൂപ) റിസ്ക് ഫണ്ടിൽ നിന്നും ധനസഹായം അനുവദിച്ച നൽകിയിട്ടുണ്ട്.-

(ബി) ഒരു വായ്പക്കാരൻ മരണപ്പെട്ടാൽ, ടി വായ്പക്കാരന്റെ മരണ സർട്ടിഫിക്കറ്റും അസുഖബാധിതനാണെങ്കിൽ ആയതിന്റെ ചികിത്സാ രേഖയും സഹിതം അനന്തരാവകാശി/വായ്പക്കാരൻ ബന്ധപ്പെട്ട സഹകരണ സംഘത്തിന് അപേക്ഷ നൽകേണ്ടതാണ്. ടി അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹതയുള്ളതാണെങ്കിൽ സംഘം ഭരണസമിതി തീരുമാനവും അനുബന്ധ

LIBRARY ARCHIVES Kerala Legislative Assembly

തുകകളും സഹിതം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന്റെ ശിപാർശയോടെ പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് അയയ്ക്കണം (സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നുള്ള അപേക്ഷകളിൽ ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ഓഡിറ്ററുടെ ശിപാർശയും, പ്രാഥമിക സഹകരണ-കാർഷിക-ഗ്രാമവികസന ബാങ്കുകളിൽനിന്നുള്ള അപേക്ഷകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ/ വാല്യുവേഷൻ ഓഫീസറുടെ ശിപാർശയും മതിയാകുന്നതാണ്).

പ്രസ്തുത അപേക്ഷ ബോർഡിലേയ്ക്ക് ലഭ്യമായി കഴിഞ്ഞാൽ വായ്പയ്ക്ക് നിശ്ചിത ശതമാനം റിസ്ക് ഫണ്ട് പ്രീമിയം യഥാസമയം അടവാക്കിയിട്ടുണ്ടോ, വായ്പക്കാരന് മരണപ്പെട്ട/മാരക രോഗം പിടിപെട്ട തീയതിയിൽ 70 വയസ്സ് പൂർത്തിയായിട്ടുണ്ടോ, വായ്പയിൽ വായ്പക്കാരന്റെ മരണത്തീയതിക്ക് തൊട്ടുമുമ്പ് 6 മാസത്തിലധികരിച്ച് കടിശ്ശിക വരുത്തിയിട്ടുണ്ടോ (ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയസംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയമായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ എന്നീ മാരകരോഗം ബാധിച്ചവർക്ക് വായ്പയിൽ കടിശ്ശിക ബാധകമല്ല) തുടങ്ങി റിസ്ക് ഫണ്ടിലെ ഇതര നിബന്ധനകൾ പരിശോധിച്ച് അർഹതയുള്ളതാണെങ്കിൽ പ്രസ്തുത വായ്പയ്ക്ക് ബന്ധപ്പെട്ട സംഘത്തിന്റെ പേരിൽ ധനസഹായം അനുവദിക്കുന്നു. ബോർഡിൽനിന്നും ധനസഹായം അനുവദിച്ച നൽകിയ ഉത്തരവിന്റെ പകർപ്പ് അസിസ്റ്റന്റ് രജിസ്ട്രാറി (ജനറൽ) നെയും അനന്തരാവകാശിയെയും രേഖാമൂലം അറിയിക്കുന്നു. അർഹതയില്ലാത്തതാണെങ്കിൽ എന്ത് കാരണത്താലാണ് അർഹതയില്ലാത്തത് എന്ന് ബന്ധപ്പെട്ട സംഘത്തെയും അസിസ്റ്റന്റ് രജിസ്ട്രാറി (ജനറൽ) നെയും അനന്തരാവകാശിയെയും രേഖാമൂലം അറിയിക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംഘങ്ങൾ/ബാങ്കുകളിൽനിന്നും വായ്പയെടുക്കുന്ന അംഗങ്ങൾ മരണപ്പെട്ടാൽ അവരെ വായ്പ ബാധ്യതയിൽനിന്നും ഒഴിവാക്കുന്ന പദ്ധതിയാണ് റിസ്ക് ഫണ്ട് പദ്ധതി. റിസ്ക് ഫണ്ട് പദ്ധതിയുടെ പ്രീമിയം അടച്ചിട്ടുള്ള വായ്പക്കാരൻ മരണപ്പെട്ടാലും റിസ്ക് ഫണ്ട് പദ്ധതി നിയമാവലി വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളതുമായ അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അർഹതയില്ലാത്ത കേസുകളിൽ എന്ത് കാരണത്താലാണ് അർഹതയില്ലാത്തത് എന്ന് രേഖാമൂലം അറിയിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly